**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2660** **07-07-2022 - ൽ മറുപടിയ്ക്ക്**

**താനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | താനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് സർക്കാരിലും ഐ. ജി. രജിസ്ട്രേഷൻ ഓഫീസിലും നിലവിലുള്ള ഫയലിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള വിഷയത്തിൽ, റെന്റ് സർട്ടിഫിക്കറ്റിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പ്രൊപോസൽ സമർപ്പിക്കുവാൻ രജിസ്ട്രേഷൻ ഐ ജിയ്ക്ക് 07.08.2021-ലെ E3/113/2021-TAXES നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ ഐ.ജി.ഓഫീസിലെ ഫിനാൻസ് സെക്ഷനിലെ IGR -1744/2020-FIN-3 എന്ന ഫയലിലാണ് ഇക്കാര്യം കൈകാര്യം ചെയ്യുന്നത്. വാടക നിർണ്ണയിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ്, പ്രൊഫോർമ എന്നിവ സഹിതം സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ)ക്ക് രജിസ്ട്രേഷൻ ഐ.ജി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വാടക കുടിശ്ശിക നൽകുന്നത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തതിൽ ജില്ലാ രജിസ്ട്രാർ, താനൂർ സബ് രജിസ്ട്രാർ ഓഫീസുകളുടെ ഭാഗത്ത് വീഴ്ച ഉണ്ടായി എന്ന ആക്ഷേപം പരിശോധിക്കുമോ; | (ബി) | മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ)-ന് 2020 -ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വരണാധികാരിയെന്ന നിലയിലുള്ള തെരഞ്ഞെടുപ്പ് ജോലിത്തിരക്കും, 2021 കേരള നിയമസഭയിലേക്കുള്ള വരണാധികാരിയെന്ന നിലയിലുള്ള തെരഞ്ഞെടുപ്പ് ജോലിത്തിരക്കും കാരണം രേഖകൾ സമർപ്പിക്കുന്നതിന് കുറച്ച് കാലതാമസം ഉണ്ടായിട്ടുള്ളതായി കാണുന്നു. |
| (സി) | വാടക കുടിശ്ശിക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | വാടക നിർണ്ണയിക്കുന്നതിനുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ്, പ്രൊഫോർമ എന്നിവ സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ